**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2904** **18-03-2022 - ൽ മറുപടിയ്ക്ക്**

**മുട്ടിൽ മരംമുറിയിൽ ഉദ്യോഗസ്ഥരുടെ പങ്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ഡോ. മാത്യു കുഴൽനാടൻ | | null<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മുട്ടിൽ മരംമുറിയിൽ നിരവധി വനം ഉദ്യോഗസ്ഥർക്ക് പങ്കുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (എ) | വയനാട് ജില്ലയിലെ മുട്ടിൽ മരം മുറിയുമായി ബന്ധപ്പെട്ട് വീഴ്ച വരുത്തിയ മൂന്ന് വനം വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിൽ ഉൾപ്പെട്ടതും ലക്കിടി ചെക്പോസ്റ്റിൽ ഡ്യൂട്ടിയിലുണ്ടായിരുന്നതുമായ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ. വി.എസ്. വിനേഷ്, ബീറ്റ് ഫോറസ്റ്റ് ഓഫീസറായ ശ്രീ. ഇ.പി. ശ്രീജിത്ത് എന്നിവരെ സസ്പെൻഡ് ചെയ്ത് അച്ചടക്ക നടപടി സ്വീകരിച്ച് വരുന്നുണ്ട്. കൂടാതെ കൃത്യം നടന്ന കാലയളവിൽ മുട്ടിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസറായ ശ്രീ. ബി.പി.രാജുവിനെയും ഇതുമായി ബന്ധപ്പെട്ട് സസ്പെൻഡ് ചെയ്ത് അച്ചടക്ക നടപടി സ്വീകരിച്ച് വരുന്നു. |
| (ബി) | വനം വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥന്റെ അടുത്ത ബന്ധുവാണ് പ്രസ്തുത സംഭവത്തിൽ ഇടനിലക്കാരനായി പ്രവർത്തിച്ചതെന്ന് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | അന്വേഷണം സംബന്ധിച്ച റിപ്പോർട്ടുകൾ വനംവകുപ്പിന് ലഭ്യമായിട്ടില്ല. |
| (സി) | മരംമുറിക്ക് ആധാരമായ ഉത്തരവിൽ റവന്യൂ വകുപ്പിന് വീഴ്ചപറ്റിയിട്ടുണ്ടെന്ന് വനം വകുപ്പ് കരുതുന്നുണ്ടോ; വ്യക്തമാക്കാമോ? | (സി) | റവന്യൂ വകുപ്പിന് വീഴ്ചപറ്റിയതായി വനം വകുപ്പ് കരുതുന്നില്ല. |

സെക്ഷൻ ഓഫീസർ